# പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 509

01.12.2015 ൽ മറുപടിയ്ക്ക്

## സഹകരണ നിയമം

**ചോദ്യം**

ശ്രീ.കെ.കെ. നാരായണൻ

(എ) സഹകരണ നിയമത്തിൽ ഭേദഗതി നിർദ്ദേശിക്കുന്നതിന് ഏതെങ്കിലും കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടോ; കമ്മിറ്റി അംഗങ്ങൾ ആരെല്ലാമാണ്;

**മറുപടി**

ശ്രീ. സി. എൻ. ബാലകൃഷ്ണൻ
(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി)

(എ) 1969 ലെ സഹകരണ കേരള സഹകരണ സംഘം നിയമവും ചട്ടങ്ങളും സമഗ്രമായി ഭേദഗതി ചെയ്യുന്നതിന് ഒരു വിദഗ്ദ്ധ കമ്മിറ്റിയെ സർക്കാർ നിയമിച്ചിട്ടുണ്ട്. കമ്മിറ്റി അംഗങ്ങളുടെ പേര് വിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | ശ്രീ.കെ.ശിവദാസൻ നായർ എം.എൽ.എ | ചെയർമാൻ |
| 2 | ശ്രീ.ജോയ് എബ്രഹാം എം.പി | അംഗം |
| 3 | ശ്രീ.കെ.എ. ചന്ദ്രൻ, എക്സ് എം.എൽ.എ | അംഗം |
| 4 | അഡ്വ.എൻ. ദാമോദരൻ നായർ | അംഗം |
| 5 | ശ്രീ.ഇ.എം. അഗസ്തി, എക്സ് എം.എൽ.എ | അംഗം |
| 6 | ശ്രീ.പി.രാഘവൻ, എക്സ് എം.എൽ.എ | അംഗം |
| 7 | ശ്രീ.കെ.ആർ.ചന്ദ്രമോഹനൻ, എക്സ് എം.എൽ.എ | അംഗം |
| 8 | ശ്രീ.മനയത്ത് ചന്ദ്രൻ | അംഗം |
| 9 | ശ്രീ.എം.മെഹബൂബ് | അംഗം |
| 10 | ശ്രീ.കരകുളം കൃഷ്ണപിള്ള | അംഗം |

| | | |
|---|---|---|
| 11 | ശ്രീ.പി.അബ്ദുൾ ഹമീദ്, | അംഗം |
| 12 | ശ്രീ.സി.എൻ. വിജയകൃഷ്ണൻ | അംഗം |
| 13 | ശ്രീ.ജെയിംസ് ജോസഫ്, നിയമ വകുപ്പ് അഡീഷണൽ സെക്രട്ടറി | അംഗം |
| 14 | ശ്രീ.എം.എം. രാജപ്പൻ | അംഗം |
| 15 | അഡ്വ.കെ.ജയവർമ്മ | അംഗം |
| 16 | ശ്രീ.ഇ.ഷംസുദ്ദീൻ, | അംഗം |
| 17 | ശ്രീ.കെ.വി. സുരേഷ് ബാബു, അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്) | കൺവീനർ |

(ബി) കമ്മിറ്റി ഭേദഗതിയ്ക്കായി പരിഗണിച്ചുകൊണ്ടിരിക്കുന്ന നിർദ്ദേശങ്ങൾ ഏതൊക്കെ; കമ്മിറ്റിയുടെ ടേംസ് ഓഫ് റഫറൻസ് വിശദമാക്കാമോ;

(ബി) 1969 ലെ സഹകരണ കേരള സഹകരണ സംഘം നിയമം കാലോചിതമായി പരിഷ്കരിക്കുക എന്നതാണ് കമ്മിറ്റിയുടെ ടേംസ് ഓഫ് റഫറൻസ്. സഹകരണ നിയമത്തിൽ പരാമർശിച്ചിട്ടുള്ള രജിസ്ട്രേഷൻ, ബൈലാ ഭേദഗതി, അംഗത്വം, തെരഞ്ഞെടുപ്പ്, ജീവനക്കാരെ സംബന്ധിക്കുന്ന വിഷയങ്ങൾ, ആർബിട്രേഷൻ, എക്സിക്യൂഷൻ, ക്ലാസ്സിഫിക്കേഷൻ, ഓഡിറ്റ് തുടങ്ങിയ വിഷയങ്ങളിൽ കമ്മിറ്റക്ക് ഇതിനോടകം അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ലഭിച്ചിട്ടുണ്ട്.

(സി) പൊതുജനങ്ങളിൽ നിന്നും സഹകാരികളിൽ നിന്നും നിർദ്ദേശങ്ങൾ ക്ഷണിക്കുന്നതിനായി ഇതിനകം എത്ര സിറ്റിംഗ് നടത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ?

(സി) പൊതുജനങ്ങളിൽ നിന്നും സഹകാരികൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും നിർദ്ദേശങ്ങൾ ക്ഷണിച്ചുകൊണ്ട് നാല് സിറ്റിംഗുകൾ ഇതിനോടകം നടത്തിയിട്ടുണ്ട്. ആദ്യ സിറ്റിംഗ് 17.09.2015 നം, തിരുവനന്തപുരം, കാസറഗോഡ്, കണ്ണൂർ, വയനാട്, മലപ്പുറം, കോഴിക്കോട്, ഈ ജില്ലകളിലെ സിറ്റിംഗ് 05.10.2015 ന് കോഴിക്കോട് വച്ചും പാലക്കാട്, തൃശ്ശൂർ, എറണാകുളം ഇടുക്കി, കോട്ടയം ജില്ലകളിലെ സിറ്റിംഗ് 24.11.2015 ന് എറണാകുളത്ത് വച്ചും ആലപ്പുഴ, പത്തനംതിട്ട, കൊല്ലം, തിരുവനന്തപുരം ജില്ലകളിലെ സിറ്റിംഗ് 27.11.2015 ന് തിരുവനന്തപുരത്തു വച്ചും നടത്തുകയുണ്ടായി.

| | |
|---|---|
| (ഡി) നിലവിലുള്ള ഏതെല്ലാം വ്യവസ്ഥകൾ എടുത്തു കളയാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നും കമ്മിറ്റി അതിന്റെ റിപ്പോർട്ട് എന്നത്തേയ്ക്കു സമർപ്പിക്കുമെന്നും വ്യക്തമാക്കുമോ.? | (ഡി) 1969 ലെ സഹകരണ നിയമവും ചട്ടങ്ങളും സമഗ്രമായി പരിഷ്കരിക്കുന്നതിനുള്ള ശുപാർശകൾ സമർപ്പിക്കുന്നതിന് വേണ്ടിയാണ് വിദഗ്ധ കമ്മിറ്റിയെ നിയോഗിച്ചിരിക്കുന്നത്. കമ്മിറ്റി അതിന്റെ ശുപാർശകൾ സമർപ്പിക്കുമ്പോൾ മാത്രമേ ഇത് സംബന്ധിച്ച വ്യക്തത ഉണ്ടാകുകയുള്ളൂ. മൂന്ന് മാസത്തിനകം കമ്മിറ്റിയുടെ ശുപാർശകൾ സമർപ്പിക്കുന്നതിനാണ് സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ